**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4970 22.05.2017-ൽ മറുപടിക്ക്**

## പുതിയ ഹയർ സെക്കൻററിസ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ ഹയർ സെക്കൻററി സ്കൂളുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) & (ബി) വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്ത് മാത്രമെ സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ. 2017-18 അധ്യയന വർഷത്തേക്ക് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ 2017-18 വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. ടി പ്രക്രിയ പൂർത്തിയാക്കിയ ശേഷം പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ ആരംഭിക്കുന്നതിനായി സർക്കാർ നയപരമായ തീരുമാനമെടുത്ത് അപേക്ഷ ക്ഷണിക്കുന്നപക്ഷം ടി നയപരമായ തീരുമാനത്തിനുള്ളിൽ വരുകയാണെങ്കിൽ തച്ചങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അധികൃതർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) എങ്കിൽ ഉദുമ നിയോജകമണ്ഡലത്തിലെ തച്ചങ്ങാട് ഗവ.ഹൈസ്കൂളിൽ പ്ലസ് ടു അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ.**